**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6262** **10-11-2021 - ൽ മറുപടിയ്ക്ക്**

**ചമ്മാടൻകാവിലെ ഭൂമി വനം വകുപ്പിന് കൈമാറൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡ് പ്രവൃത്തിക്കായുള്ള വനം വകുപ്പിന്റെ ഭൂമിക്ക് കോമ്പൻസേറ്ററി ഭൂമിയായി ചമ്മാടൻകാവിലെ 22 ഹെക്ടർ ഭൂമി വനം വകുപ്പിന് കൈമാറാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ചമ്മാടൻ കാവിലെ ഭൂമി വനം വകുപ്പിന് കൈമാറാൻ ആദ്യം തീരുമാനമെടുത്തു. തുടർന്ന് ഹോസ്ദുർഗ്ഗ് താലൂക്കിലെ അമ്പലത്തറയിൽ മറ്റൊരു ഭൂമി ജില്ലാ കളക്ടർ കണ്ടെത്തുകയുണ്ടായി. തുടർ നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചു വരുന്നു. |
| (ബി) | വനഭൂമി ലഭ്യമല്ലാത്തതിനാൽ മലയോര ഹൈവേ അടക്കം മുടങ്ങിക്കിടക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ഭൂമി കൈമാറ്റ പ്രക്രിയ അടിയന്തരമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | കാസർഗോഡ് ജില്ലയിൽ മലയോര ഹൈവേ കടന്നു പോകുന്നത് നന്ദാരപദവ് മുതൽ ചെറുപുഴ ഭാഗം വരെ (127.420 കി.മീ) ആണ്. ഇതിൽ എടപ്പറമ്പ മുതൽ കോളിച്ചാൽ വരെയും, കോളിച്ചാൽ മുതൽ ചെറുപുഴ വരെയുള്ള റീച്ചുകളിലെ ചില ഭാഗങ്ങൾ വന ഭൂമിയിലൂടെ കടന്നു പോകുന്നു. എടപ്പറമ്പ മുതൽ കോളിച്ചാൽ വരെയുള്ള ഭാഗത്തിന്റെ നിർമ്മാണത്തിനായി 4.332 ഹെക്ടർ വനഭൂമി ആവശ്യമാണ്. ആയതിനു പകരമായി ഹോസ്ദുർഗ്ഗ് താലൂക്കിലെ അമ്പലത്തറ വില്ലേജിലെ 4.332 ഹെക്ടർ ഭൂമി വനം വകുപ്പിന് നല്കാൻ കാസർഗോഡ് ജില്ലാ കളക്ടർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുക്കാൻ തയ്യാറാണെന്ന് വനം വകുപ്പ് അറിയിച്ചത് പ്രകാരം ഭൂമിയുടെ രേഖകൾ അനുമതിയ്ക്കായി പരിവേഷ് പോർട്ടലിൽ 11/10/2021 – ൽ സമർപ്പിച്ചിട്ടുണ്ട്. വനം വകുപ്പിന്റെ അനുമതി ലഭ്യമായാലുടൻ ഈ ഭാഗത്തെ പ്രവൃത്തി തുടങ്ങുന്നതാണ്. കോളിച്ചാൽ മുതൽ ചെറുപുഴ വരെയുള്ള ഭാഗത്തിന്റെ നിർമ്മാണത്തിനായി 0.64148 ഹെക്ടർ വന ഭൂമിയാണ് ആവശ്യമായുള്ളത്. അതിനായി പ്രാഥമിക അനുമതി ലഭിക്കുകയും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ആവശ്യ പ്രകാരം 10 ലക്ഷം രൂപ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. വനം വകുപ്പിന്റെ മേൽ നോട്ടത്തിൽ മരം മുറിച്ചു മാറ്റേണ്ടതുണ്ട്. ആയതു പൂർത്തീകരിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ